**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2541** | **18-07-2011 ൽ മറുപടിയ്ക്ക്** |

## നെൽകർഷകരെ സഹായിക്കാൻ പാക്കേജ്

| ചോദ്യം<br>ശ്രീ.ബി.സത്യൻ | | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | നന്നായി നെൽകൃഷി നടന്നുവരുന്ന തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് താലൂക്കിൽ ഉൾപ്പെട്ട കിളിമാനൂർ, പഴയകുന്നുമ്മൽ, പുളിമാത്ത്, നഗരൂർ, കരവാരം ഗ്രാമപഞ്ചായത്തുകളിൽ നെൽകൃഷി നടത്തുന്ന കൃഷിക്കാരെ സഹായിക്കാൻ ജലസേചന സൗകര്യവും, വിത്തും, വളവും മറ്റ് സാമ്പത്തിക സഹായങ്ങളും അടങ്ങിയ ഒരു പാക്കേജ് രൂപീകരിക്കുവാൻ മുൻകൈയെടുക്കുമോ; | (എ) കൃഷി വകുപ്പു മുഖേന കർഷകർക്ക് പ്രയോജനം ലഭിക്കുന്ന സംസ്ഥാന ഭക്ഷ്യസുരക്ഷാ പദ്ധതി, സുസ്ഥിര നെൽകൃഷി വികസന പദ്ധതി, കേന്ദ്ര സഹായത്തോടെ മാക്രോ മാനേജ്മെന്റ് പദ്ധതിയിലൂടെയുള്ള നെൽകൃഷി വികസനം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനാൽ വിത്തും വളവും മറ്റ് സാമ്പത്തിക സഹായങ്ങളും നൽകുന്നതിനായി പ്രത്യേകം ഒരു പാക്കേജ് രൂപീകരിക്കേണ്ട ആവശ്യം വരുന്നില്ല. |
| (ബി) | ആറ്റിങ്ങൽ ഭാഗത്തുള്ള നാളികേര സംസ്കരണ കേന്ദ്രത്തിൽ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ ഒരു വ്യവസായ സ്ഥാപനം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ